	ഗവൺമെൻറ് പ്ലീഡർ ഡിസ്ട്രിക്ട് കോർട്ടും സബ് കോർട്ടും അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടും അഡീഷണൽ ഗവ: പ്ലീഡർമാർ	3;
	ആർബിട്രേറർ	3
	ആകെ	58
(ബി)	പട്ടികജാതി	1 (ജൂനിയർ ഗവ: പ്ലീഡർ ഹൈകോർട്ട്)
	പട്ടികവർഗ്ഗം	ഇല്ല.

(സി) ഇല്ല.

(ഡി) ഗവൺമെൻറ് പ്ലീഡർമാരെയും പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയമിക്കുന്നത് കേരളാ ഗവൺമെൻറ് ലാ ആഫീസേഴ്സ് (അപ്പോയിൻറ്മെൻറ് ആൻറ് കണ്ടീഷൻസ് ആഫ് സർവീസ്) ആൻറ് കോൺഡക്ട് ഓഫ് കേസസ് റൂൾസ് 1978 അനുസരിച്ചാണ്. പ്രസ്തുതചട്ടങ്ങളിൽ സംവരണതത്വം പാലിക്കാൻ വ്യവസ്ഥയില്ല. ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലാ ജഡ്ജിമാരുമായി ആലോചിച്ച് തയ്യാറാക്കി അയച്ചുതരുന്ന പാനലുകളിൽ നിന്നാണ് ഗവൺമെൻറ് പ്ലീഡർമാരെയും പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയമിക്കുന്നത്. കഴിവ്, യോഗ്യത, സ്വഭാവശുദ്ധി, പൂർവകാല ചരിത്രം മുതലായ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് പാനൽ തയ്യാറാകുന്നത്. പാനൽ തയ്യാറാക്കുമ്പോൾ സമുദായം പരിഗണിക്കുന്ന പതിവില്ല.

(ഇ) ശ്രമിക്കാം.

ജലസേചന സൗകര്യം ലഭിക്കാൻ നിവേദനം

1326 [2130] ശ്രീ. സി.എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേതനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് താലൂക്കിൽ പറളി പഞ്ചായത്ത് കിണാവല്ലൂർ അംശത്തിൽ മാങ്ങോട് പാടങ്ങൾക്ക് മലമ്പുഴ ജലസേചന പദ്ധതിയിൽ നിന്നും കൃഷിക്ക് ജലസേചനസൗകര്യം ലഭ്യമാക്കണമെന്ന് 3.8.1977-ൽ ഗവൺമെൻറിലേയ്ക്കു ഒരു നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) നിവേദനം നൽകിയത് ആരാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) മാങ്ങോടു പാടങ്ങൾക്ക് ജലസേചന സൗകര്യം നൽകുന്ന കാര്യം മലമ്പുഴ കനാലുകളുടെ നവീകരണം നടത്തുമ്പോൾ പരിശോധിക്കുന്നതിന് നിശ്ചയിച്ചു.

(സി) ശ്രീ. കറുത്തേടത്തു വേണുഗോപാലൻ, പ്രസിഡൻറ് യൂത്ത് കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി, കിണാവല്ലൂർ പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly